പുഴയിൽ അമ്മയുടെയും രണ്ടു വയസുള്ള ആൺകുഞ്ഞിന്റെയും മൃതദേഹം കണ്ടെത്തി

പിറവം: അമ്മയുടെയും ഏകദേശം രണ്ടു വയസുള്ള ആൺകുഞ്ഞിന്റെയും മൃതദേഹം പുഴയിൽ കണ്ടെത്തി. മുളക്കുളം പാലത്തിനു സമീപമാണ് മൃതദേഹങ്ങൾ കണ്ടത്.

ഒഴുകിയെത്തിയ കുട്ടിയുടെ മൃതദേഹമാണ് ആദ്യം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. പാവയാണെന്നാണ് ആദ്യം കരുതിയത്. എന്നാൽ, 35 വയസ് തോന്നിക്കുന്ന സ്ത്രീയുടെ മൃതദേഹം കൂടി പിന്നാലെ കണ്ടെത്തി. അമ്മയുടെ മൃതദേഹം പിറവം പോലീസ് സ്റ്റേഷൻ പരിധിയിലും കുട്ടിയുടെ മൃതദേഹം വെള്ളൂർ പോലീസ് സ്റ്റേഷൻ പരിധിയിലുമായിരുന്നു കണ്ടത്. രണ്ടു മൃതദേഹങ്ങളും പിറവം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. ഇരുവരെയും തിരിച്ചറിഞ്ഞിട്ടില്ല. പോലീസ് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

ഉറ്റവർ മൃതദേഹം ഏറ്റുവാങ്ങിയില്ല; നാരായണന്റെ ചിതയ്ക്ക് തീകൊളുത്തി ഇർഫാന

കാസർഗോഡ്: കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ച മഞ്ചേശ്വരം മീഞ്ച ചിഗ്റുപദവ് സ്വദേശി നാരായണ(64)ന്റെ മൃതദേഹം ഏറ്റുവാങ്ങാൻ ഉറ്റവർ എത്തിയില്ല. ഒടുവിൽ ചിതയൊരുക്കിയത് ജില്ലാ പഞ്ചായത്ത് അംഗം ഇർഫാന ഇഖ്ബാൽ. മുൻ ആർ.എസ്.എസ്. പ്രവർത്തകൻ കൂടിയായ നാരായണൻ വായിൽ കാൻസർ ബാധിച്ചു ചികിത്സയിലായിരുന്നു.

നാട്ടിലെ കടവരാന്തയിൽ ആഴ്ചകളോളം ഭക്ഷണം കഴിക്കാതെ കഴിഞ്ഞിരുന്ന നാരായണന്റെ ദയനീയാവസ്ഥ വാർഡ് മെമ്പർ ഷെരിഫ് ചിനാല ഒരു മാസം മുമ്പ് ജില്ലാ പഞ്ചായത്ത് അംഗവും വനിതാ ലീഗ് നേതാവുമായ ഇർഫാന ഇഖ്ബാലിനെ അറിയിച്ചിരുന്നു. ഷെയ്ഖ് സായിദ് വൃദ്ധ മന്ദിരം സ്ഥാപക കൂടിയായ ഇർഫാന ഉടൻ സ്ഥലത്തെത്തി. ജില്ലാ കലക്ടറെയും ജില്ലാ മെഡിക്കൽ ഓഫീസറെയും കാര്യങ്ങൾ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഷെയ്ഖ് സായിദ് ഫൗണ്ടേഷൻ പ്രവർത്തകർ നാരായണനെ കുളിപ്പിച്ച് പ്രാഥമിക ശുശ്രൂഷ നൽകി കോഴിക്കോട് മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ഒരു മാസമായി അവിടെ ചികിത്സ തുടരുന്നതിനിടെ 25 നാണ് നാരായണൻ മരിച്ചത്. മരണവിവരം മഞ്ചേശ്വരം പോലിസ് ബന്ധുക്കളെ അറിയിച്ചെങ്കിലും മൃതദേഹം ഏറ്റുവാങ്ങാൻ ആരും തയാറായില്ല.

രണ്ടു ഭാര്യമാരും മക്കളും സഹോദരിയും മൃതദേഹം ഏറ്റെടുത്തു സംസ്കരിക്കാൻ ജില്ലാ പഞ്ചായത്തംഗമായ ഇർഫാനയ്ക്ക് സമ്മതപത്രം നൽകി കൈയൊഴിയുകയായിരുന്നു. മൃതദേഹം വിട്ടുനൽകാനുള്ള കുടുംബത്തിന്റെ സമ്മതപത്രം മെഡിക്കൽ കോളജ് സൂപ്രണ്ടിന് കൈമാറി. ആംബുലൻസിൽ ഉപ്പളയിൽ എത്തിച്ച മൃതദേഹം ചെറുഗോളി പൊതുശ്മാശാനത്തിൽ എത്തിച്ചു. മകളുടെ സ്ഥാനത്തുനിന്ന് ഹൈന്ദവ ആചാരപ്രകാരം ഇർഫാന ഇഖ്ബാൽ ചിതയ്ക്ക് തീ കൊളുത്തി അന്ത്യകർമങ്ങൾ നിർവഹിച്ചു. സാമൂഹിക പ്രവർത്തകരായ റിയാസ് പിലാത്തറ, മെഹ്മൂദ് കൈകമ്പ തുടങ്ങിയവരും കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൺ കൂടിയായ ഇർഫാന സ്ഥാപിച്ച ഉപ്പളയിലെ ഷെയ്ഖ് സായിദ് വൃദ്ധ മന്ദിരത്തിൽ ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ട അമ്പതോളം മാതാപിതാക്കളെ സംരക്ഷിക്കുന്നുണ്ട്.

● നാരായണന്റെ ചിതയ്ക്ക് ഇർഫാന തീ കൊളുത്തുന്നു.

സ്കൂൾ വിദ്യാർഥിയെ അധ്യാപകൻ മർദിച്ചതായി പരാതി

കട്ടപ്പന: കളിയാക്കിയതിന്റെ വിരോധത്തിൽ വിദ്യാർഥിയെ അധ്യാപകൻ മർദിച്ചതായി പരാതി. അണക്കര ഗവ.എച്ച്.എസ്.എസിലെ ഏഴാം ക്ലാസ് വിദ്യാർഥിക്കാണ് മർദനമേറ്റത്.

കുട്ടിയുടെയും മാതാപിതാക്കളുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ വണ്ടൻമേട് പോലീസ് അന്വേഷണം തുടങ്ങി.

കഴിഞ്ഞ 25 ന് ഉച്ച കഴിഞ്ഞ് 3.30നാണ് സംഭവം.

കളിയാക്കിയതിൽ പ്രകോപിതനായ അധ്യാപകൻ ചൂരൽപ്രയോഗത്തിനു പുറമേ മർദിച്ചതായാണ് വിദ്യാർഥിയുടെ പരാതി.

നെഞ്ചത്തും കാലിലും ചെകിട്ടത്തും മർദനമേറ്റതായി മാതാപിതാക്കൾ പറയുന്നു. കുട്ടിയെ വണ്ടൻമേട് സി.എച്ച്.സിയിലെത്തിച്ചു ചികിത്സ ലഭ്യമാക്കി.

അതേസമയം, ചൂരൽകൊണ്ട് അടിക്കുക മാത്രമാണു ചെയ്തതെന്നും മർദിച്ചിട്ടില്ലെന്നും അധ്യാപകൻ പറഞ്ഞു.

ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമെന്നു സ്കൂൾ അധികൃതരും പി.ടി.എ. ഭാരവാഹികളും അറിയിച്ചു.

അപകീർത്തികരമായ പരാമർശം: വീണ്ടും പരാതിപ്പെട്ട് അൻസിബ

കൊച്ചി: സാമൂഹിക മാധ്യമത്തിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് സിനിമാനടി അൻസിബ ഹസൻ വീണ്ടും പോലീസ് സ്റ്റേഷനിൽ.

ആഭ്യന്തര പ്രശ്നങ്ങളെത്തുടർന്ന് സിനിമാ സംഘടനയായ 'അമ്മ'യുടെ പ്രസിഡന്റ് പദത്തിൽനിന്നു രാജിവച്ച ശ്വേതാ മേനോൻ, വൈസ് പ്രസിഡന്റ് ലക്ഷ്മിപ്രിയ എന്നിവർക്കെതിരേ അൻസിബ ഇന്നലെ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. സ്ത്രീത്വത്തെ അപമാനിക്കൽ, ഗൂഢാലോചന, വ്യാജവാർത്തകൾ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുന്നു തുടങ്ങിയ പരാതികളാണ് ഉന്നയിച്ചത്. സംഘടനയിലെ തർക്കത്തെത്തുടർന്ന് എക്സിക്യൂട്ടീവ് അംഗമായ അൻസിബയാണ് ആദ്യം രാജിവച്ചത്. തുടർന്ന് ടിനി ടോം, ലക്ഷ്മിപ്രിയ എന്നിവർക്കെതിരേ അവർ പോലീസിൽ പരാതി നൽകി. മൊഴികളുടെ അടിസ്ഥാനത്തിൽ പരാതിയിൽ കഴമ്പില്ലെന്നായിരുന്നു പോലീസ് റിപ്പോർട്ട്. അതിനിടെ ലക്ഷ്മിപ്രിയ നൽകിയ പരാതിയിൻമേൽ തൃപ്പൂണിത്തുറ വനിതാ സെൽ എസ്.ഐ: രേഷ്മ സ്റ്റേഷനിൽ വിളിച്ചുവരുത്തി അപമാനിച്ചുവെന്നു കാട്ടി അൻസിബ മറ്റൊരു പരാതിയും നൽകി. ഈ പരാതിയിൽ പോലീസ് തുടർനടപടി എടുക്കാത്തതിനെ തുടർന്ന് കോടതിയെ സമീപിച്ച് സംഭവത്തിൽ അന്വേഷണം നടത്തണമെന്ന വിധി അൻസിബ നേടിയിരുന്നു. നിലവിൽ തൃപ്പൂണിത്തുറ, കടവന്ത്ര, പാലാരിവട്ടം സ്റ്റേഷനുകളിൽ അൻസിബയുടെ പരാതികളുണ്ട്.

കേരഫെഡ് ഉയർന്ന നിരക്കിൽ കോപ്ര വാങ്ങുന്നത് അന്വേഷിക്കണമെന്ന് ആവശ്യം

മട്ടാഞ്ചേരി: അന്തർസംസ്ഥാന കച്ചവടക്കാരുടെ സമ്മർദത്തിനു വഴങ്ങി മാർക്കറ്റ് വിലയേക്കാൾ ഉയർന്ന തുക നൽകി കേരഫെഡ് കൊപ്ര വാങ്ങുന്നതു സർക്കാർ അന്വേഷിക്കണമെന്നു കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ (കോമ). മാർക്കറ്റ് വില കിലോയ്ക്ക് 133 രൂപ വിലയുള്ളപ്പോൾ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്ന് 142 രൂപയ്ക്കാണ് കേരഫെഡ് കൊപ്ര വാങ്ങുന്നത്. സംസ്ഥാനത്തെ കർഷകർക്ക് ഇതുമൂലം ഒരു മെച്ചവുമില്ല. കേരഫെഡ് ഈ രീതിയിൽ വാങ്ങൽ തുടർന്നാൽ എണ്ണയാട്ടുമില്ലുകൾ പൂട്ടേണ്ടിവരുമെന്നും ഭാരവാഹികൾ പറഞ്ഞു.

തമിഴ്നാട്ടിലെ കാങ്കയം മാർക്കറ്റിൽ കൊപ്ര കിലോ 128 രൂപയിലും വെളിച്ചെണ്ണ 192 രൂപയിലുമാണ് ഇന്നലെ വിൽപ്പന നടന്നത്. സാഹചര്യം ഇതായിരിക്കെ ഉയർന്ന നിരക്കിൽ കേരഫെഡ് കൊപ്ര വാങ്ങുന്നതിൽ അഴിമതിയുണ്ട്. ഇക്കാര്യം അന്വേഷിച്ച് സർക്കാർ നടപടി സ്വീകരിക്കണമെന്ന് കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് തലത്ത് മെഹമൂദ് ആവശ്യപ്പെട്ടു.

മാസങ്ങളായി വെളിച്ചെണ്ണ– കൊപ്ര വില കൂപ്പുകുത്തുന്നതിനിടെയാണ് ആഭ്യന്തര കർഷകരെ ഒഴിവാക്കി അയൽസംസ്ഥാനങ്ങളിൽനിന്ന് കേരഫെഡ് കൊപ്ര വാങ്ങുന്നത്. ഇതു കേരകർഷകർക്ക് ഇരുട്ടടിയാണെന്ന് വെളിച്ചെണ്ണ വ്യാപാരികൾ ആരോപിച്ചു.

പഞ്ഞമാസ സമാശ്വാസ പദ്ധതി വിതരണം ചെയ്യണം: സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

തിരുവനന്തപുരം: മത്സ്യബന്ധനത്തിനു പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കടലിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ പഞ്ഞമാസ സമാശ്വാസ പദ്ധതി വിതരണം ചെയ്യണമെന്നു സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ.

ട്രോളിങ് നിരോധനത്തെത്തുടന്നു തീരം വറുതിയിലായതോടെ സംസ്ഥാനത്ത് 1.48 ലക്ഷം തൊഴിലാളികൾ പട്ടിണിയിലാണ്.

മത്സ്യത്തൊഴിലാളികൾ അടച്ച തുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതവുമടക്കം 6000 രൂപ അടിയന്തരമായി വിതരണം ചെയ്യാൻ ഫിഷറീസ് വകുപ്പ് തയാറാകണമെന്നു ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന ചീഫ് കോ–ഓർഡിനേറ്റർ ഡോ. എഫ്.എം. ലാസർ, തൃക്കണ്ണപുഴ ശശിധരൻ, അഞ്ചുതെങ്ങ് അനിൽ ആബേൽ, ടി.പി. പ്രേംകുമാർ, പൂന്തുറ ബിബിൻദാസ്, മണിയൻ, വിഴിഞ്ഞം തദയോസ്, മരിയ കുട്ടി ജസ്റ്റിൻ, മഞ്ജു സന്തോഷ് കുമാർ, ബീമാപള്ളി റംല, ത്രേസ് അമ്മ എന്നിവർ പ്രസംഗിച്ചു.

ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഏഴരപ്പൊന്നാന പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി ഉത്തരവ്

കൊച്ചി: ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഏഴരപ്പൊന്നാന പൊതിഞ്ഞിരുന്ന സ്വർണപ്പാളികൾ നവീകരണ ജോലികൾക്കിടെ മാറ്റി ചെമ്പ് പോലെ മൂല്യം കുറഞ്ഞ ലോഹങ്ങൾ സ്ഥാപിച്ചെന്ന പരാതിയിൽ പരിശോധനയ്ക്ക് ഉത്തരവിട്ട് ഹൈക്കോടതി.

എ.ജി. പ്രസാദ് കുമാർ എന്ന ഭക്തൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ ഏഴരപ്പൊന്നാന പരിശോധിച്ചു റിപ്പോർട്ട് നൽകാനാണ് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ക്ഷേത്രത്തിലെ രജിസ്റ്ററുകളും ഏഴരപ്പൊന്നാനയും നേരിട്ടു പരിശോധിക്കാനും സ്വർണത്തിന്റെ തൂക്കവും നിലവാരവും മറ്റും ഉറപ്പുവരുത്താൻ സ്വർണപ്പണിക്കാരന്റെ സേവനം തേടാനും നിർദേശിച്ചിട്ടുണ്ട്.

ക്രമക്കേടു നടന്നതിനു രേഖകളില്ലെന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും അസിസ്റ്റന്റ് ദേവസ്വം കമ്മിഷണറുടെയും റിപ്പോർട്ടുകൾ കോടതി പരിശോധിച്ചിരുന്നു. ഇത് അവിശ്വസിക്കേണ്ട സാഹചര്യമില്ലെങ്കിലും ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിക്കേണ്ടതുണ്ടെന്നു കോടതി വ്യക്തമാക്കി. തുടർന്ന് ഹർജി അടുത്ത മാസം 31 നു പരിഗണിക്കാൻ മാറ്റി.

● അമൃത സ്കൂൾ ഓഫ് ആയുർവേദ.

ധന്യൻ മാർ ഇവാനിയോസ് ഓർമപ്പെരുന്നാൾ ഒന്നുമുതൽ

● റാന്നി പെരുനാട്ടിൽനിന്നു തീർഥാടന പദയാത്ര 10ന്

തിരുവനന്തപുരം: മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽപിയും തിരുവനന്തപുരം അതിരൂപത പ്രഥമ മെത്രാപ്പോലീത്തയും ബഥനി സ്ഥാപകനുമായ ധന്യൻ ആർച്ച് ബിഷപ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ എഴുപത്തിമൂന്നാമത് ഓർമ്മപ്പെരുന്നാൾ ഒന്നു മുതൽ 15 വരെ കബറിടം സ്ഥിതിചെയ്യുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ നടക്കും. 15 നു സി.ബി.സി.ഐ. പ്രസിഡന്റും ഹൈദരാബാദ് ആർച്ച് ബിഷപ്പുമായ കർദിനാൾ ആന്റണി പൂള മുഖ്യാതിഥിയായിരിക്കും.

അടുത്ത ഒന്നിനു വൈകിട്ട് അഞ്ചിനു കുർബാനയ്ക്കു തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ ബിഷപ് യൂഹാനോൻ മാർ അലക്സിയോസ് നേതൃത്വം നൽകും. തുടർന്നുള്ള ദിവസങ്ങളിൽ കൂരിയാ മെത്രാൻ ബിഷപ് ആന്റണി മാർ സിൽവാനോസ്, വിവിധ ഭദ്രാസന വികാരി ജനറൽമാരായ വെരി.റവ. ജോസ് കോന്നത്തുവിള (പാറശാല), വെരി.റവ. ജോബ് കല്ലുവിള (മാവേലിക്കര), വെരി. റവ. തോമസ് കയ്യാലയ്ക്കൽ (തിരുവനന്തപുരം), റൈറ്റ് റവ. തോമസ് ഞാറയ്ക്കാട് കോർ എപ്പിസ്കോപ്പ (മൂവാറ്റുപുഴ), വെരി.റവ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി. (ഡൽഹി ഗുഡ്ഗാവ്) വെരി.റവ. ഐസക് പറപ്പള്ളിൽ (തിരുവല്ല), റൈറ്റ് റവ. എൽദോ പുത്തംകണ്ടത്തിൽ കോർ എപ്പിസ്കോപ്പ (പുത്തൂർ), ബഥനി സന്യാസ സമൂഹാധ്യക്ഷൻ വെരി.റവ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി, മലങ്കര മേജർ സെമിനാരി റെക്ടർ വെരി.റവ. ജിജി ഫിലിപ് ചരിവുപുരയിടം എന്നിവർ കുർബാനയ്ക്കു നേതൃത്വം നൽകും. നാലിനു ലത്തീൻ ക്രമത്തിൽ വരാപ്പുഴ അതിരൂപത സഹായമെത്രാൻ ബിഷപ് ഡോ. ആന്റണി വാലുങ്കലും 10 നു സിറോ മലബാർ ക്രമത്തിൽ തക്കല രൂപതാധ്യക്ഷൻ ബിഷപ് ഡോ. ജോർജ് രാജേന്ദ്രനും 1ൻപതിനു തമിഴ് ഭാഷയിൽ മാർത്താണ്ഡം ഭദ്രാസന വികാരി ജനറൽ ജോസ് ബ്രൈറ്റും കുർബാനയർപ്പിക്കും. 14 നു വൈകിട്ട് അഞ്ചിനു വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള തീർഥാടന പദയാത്ര സംഘങ്ങൾ കബറിടത്തിൽ എത്തിച്ചേരും.

സന്ധ്യാപ്രാർഥനയ്ക്കുശേഷം നടക്കുന്ന മെഴുകുതിരി പ്രദക്ഷിണം ദേവാലയത്തിൽനിന്നാരംഭിച്ച് വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഗേറ്റ് വഴി കാതോലിക്കേറ്റ് സെന്റർ, സെന്റ് മേരീസ് സ്കൂൾ അങ്കണം വഴി കത്തീഡ്രൽ ഗേറ്റിലൂടെ കബറിടത്തിൽ സമാപിക്കും. ഓർമ്മപ്പെരുന്നാൾ ദിവസമായ 15 നു രാവിലെ എട്ടിന് കുർബാനയ്ക്കു മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ നേതൃത്വം നൽകും. സി.ബി.സി.ഐ. പ്രസിഡന്റ് കർദിനാൾ ആന്റണി പൂള വചനസന്ദേശം നൽകും. തുടർന്നു കബറിടത്തിൽ ധൂപ പ്രാർഥനയും ശ്രാദ്ധസദ്യയും നടക്കും. 10 നു മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതി നേതൃത്വം നൽകുന്ന പ്രധാന തീർഥാടന പദയാത്ര റാന്നി പെരുനാട്ടിൽനിന്നാരംഭിക്കും. ധന്യൻ മാർ ഇവാനിയോസിന്റെ ജന്മസ്ഥലമായ മാവേലിക്കരയിൽനിന്നുള്ള പദയാത്ര ഒൻപതിന് ആരംഭിക്കും. മാർത്താണ്ഡത്തുനിന്നുള്ള പദയാത്രയ്ക്കും പാറശാലയിൽനിന്നുള്ള പദയാത്രയ്ക്കും 13 ന് തുടക്കമാകും. തിരുവല്ല, മൂവാറ്റുപുഴ, പുത്തൂർ, ഒഡീഷ, ഡൽഹി എന്നിവിടങ്ങളിൽനിന്നുള്ള പദയാത്രാ സംഘങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രധാന പദയാത്രയോടു ചേരും. ഒന്നു മുതൽ 14 വരെ എല്ലാ ദിവസവും രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെ കബറിടത്തിൽ അഖണ്ഡ പ്രാർഥന നടക്കും.

വിലനിലവാരം

● സ്വർണ വില ഉയർന്നു

● വെളിച്ചെണ്ണ
- വെളിച്ചെണ്ണ.....22,200
- വെളിച്ചെണ്ണ: മില്ലിങ്.....22,700
- കൊപ്ര.....12,900–13,100

● പിണ്ണാക്ക്
- എക്സ്പെല്ലർ.....3300
- പിണ്ണാക്ക് റോട്ടറി.....3900

● കുരുമുളക്
- അൺഗാർബിൾഡ്.....69,800
- പുതിയ കുരുമുളക്.....68,800
- കുരുമുളക് ഗാർബിൾഡ്.....71,800

● ചുക്ക്
- മീഡിയം.....32,500
- ചുക്ക് ബെസ്റ്റ്.....35,000

● മഞ്ഞൾ
- നാടൻ.....15,500–16,000
- സേലംഈറോഡ്..... ഇല്ല
- കാഞ്ഞിരകുരു.....1850
- അടയ്ക്ക.....39,000
- അടയ്ക്ക പുതിയത്.....39,000
- പഞ്ചസാര.....4400
- മുളക്.....19000
- ഉഴുന്ന്.....9600–10,700
- ചെറുപയർ.....10000–13,600
- കടല.....8100–10100
- മുതിര.....5000
- എള്ള്.....22,000
- മല്ലി.....7800–9200
- പച്ചരി നമ്പർ.1.....4700
- പുഴുക്കലരി ജയ.....4200–4500

● ജാതിക്ക
- തൊണ്ടൻ.....(കിലോ 280–330)
- ജാതിക്ക തൊണ്ടില്ലാത്ത്.....600–640
- ജാതിപത്രിചുവപ്പ്മഞ്ഞ.....1400–1500
- ജാതി ഫ്ളവർ ചുവപ്പ്.....1500–2000
- ജാതി ഫ്ളവർ മഞ്ഞ.....2100–2200
- ഗ്രാമ്പൂ.....800–900

● കാലടി വിപണി
- ജാതിക്കതൊണ്ടൻ–കിലോ.....280–300
- ജാതിക്കതൊണ്ടില്ലാത്ത്.....600–640
- ജാതിപത്രിചുവപ്പ്മഞ്ഞ.....1400–1500
- ഫ്ളവർ ചുവപ്പ്മഞ്ഞ.....1900–2200

● സ്വർണം
- സ്വർണം പവൻ.....1,04,680
- സ്വർണം ഗ്രാം.....13,085

സ്വർണം അവധി വ്യാപാരം
- ഓഗസ്റ്റ്.....141819
- ഒക്ടോബർ:.....145029

● റബർ കൊച്ചി
- ആർഎസ്എസ് 5.....26,300
- ആർഎസ്എസ് 4.....26,600
- ഒട്ടുപാൽ.....17000
- ലാറ്റക്സ്.....16000

റബർ ബോർഡ്

● കോട്ടയം
- ആർ.എസ്.എസ്.4.....27200
- ആർ.എസ്.എസ്.5.....26700
- ഐ.എസ്.എൻ.ആർ–20.....22800
- ലാറ്റക്സ്.....16855

● ബാങ്കോക്ക്
- ആർ.എസ്.എസ്. 1.....29186
- ആർ.എസ്.എസ്. 2.....29016
- ആർ.എസ്.എസ്. 3.....28860
- ആർ.എസ്.എസ്. 4.....28775
- ആർ.എസ്.എസ്. 5.....28732

● ക്വാലാലംപൂർ
- എസ്.എം.ആർ–20.....21293
- ലാറ്റക്സ് 60%.....18290

● പൈനാപ്പിൾ വില
- പച്ച: 48, പഴം: 64 (പൈനാപ്പിൾ ഗ്രോവേഴ്സ് അസോസിയേഷൻ)
- പച്ച: 45, പഴം: 59 (പൈനാപ്പിൾ മർച്ചന്റ്സ് അസോസിയേഷൻ)

● ആലപ്പുഴ മാർക്കറ്റ്
- വെളിച്ചെണ്ണ.....22700–23200
- കൊപ്ര തെളിവ്.....12800
- കൊപ്ര ഓടെ.....12850
- കൊപ്ര രാശി.....12900
- സ്വർണം ഒരു ഗ്രാം.....12955
- സ്വർണം എട്ടു ഗ്രാം.....104680
- തങ്കം 10 ഗ്രാം.....133850
- വെള്ളി ഒരു കിലോ.....240000

അമൃത ആയുർവേദ മെഡിക്കൽ കോളജിന് എൻ.എ.ബി.എച്ച്. അംഗീകാരം

കൊല്ലം: അമൃതപുരി അമൃത വിശ്വവിദ്യാപീഠം സ്കൂൾ ഓഫ് ആയുർവേദ ആശുപത്രിക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു. ആയുർവേദ ചികിത്സ, രോഗീസുരക്ഷ, ആരോഗ്യപരിചരണം എന്നിവയിൽ ആശുപത്രി പുലർത്തുന്ന ഉയർന്ന നിലവാരം പരിഗണിച്ചാണ് അംഗീകാരം.

ആയുർവേദ ചികിത്സാരംഗത്തെ ഗുണനിലവാരത്തിനും രോഗീസുരക്ഷയ്ക്കും നൽകുന്ന പ്രധാന ദേശീയ അംഗീകാരങ്ങളിലൊന്നാണ് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ. മികച്ച ചികിത്സാ സേവനങ്ങൾ തുടരാൻ അംഗീകാരം ആശുപത്രിക്കു പ്രചോദനമാകുമെന്നു മെഡിക്കൽ ഡയറക്ടറും ഡീനുമായ സ്വാമി ശങ്കരാമൃതാനന്ദ പുരി പറഞ്ഞു.

വിനിമയം

- ഡോളർ.....94.39
- യൂറോ.....107.62
- പൗണ്ട്.....124.76
- സ്വിസ്ഫ്രാങ്ക്.....116.73
- സിംഗപ്പൂർ ഡോളർ.....72.93
- ആസ്ട്രേലിയൻ ഡോളർ.....65.72
- കനേഡിയൻ ഡോളർ.....66.56
- ബഹറിൻ ദിനാർ.....250.36
- കുവൈറ്റ് ദിനാർ.....306.52
- ഒമാനി റിയാൽ.....245.22
- സൗദി റിയാൽ.....25.13
- യുഎഇ ദിർഹം.....25.70
- ഖത്തർ റിയാൽ.....25.89

നഷ്ടപ്പെട്ടു

2013 വർഷത്തെ 206851 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് വീണ്ടെടുക്കുവാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ജിതിൻ ജെ. മാത്യൂസ്, ആഞ്ഞിലിമൂട്ടിൽ വഴിച്ചേരി, ആലപ്പുഴ

CHANGE OF NAME

I, Devassy Muzhayattu Thommy Joseph (passport No. H 0107959) Thyil House, Mundancavu p. o, Chengannur, Alappuzha, pin. 689121 Do Hereby change my Name as DEVASSY JOSEPH.

MANAPPURAM FINANCE LTD.

CIN: L65910KL1992PLC006623, Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/07/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തിയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തിയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തിയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).......

ആലപ്പുഴ, മണ്ണഞ്ചേരി, 0106150700060365, 0370, തുറവൂർ, 0103760700050133, 0185, കോട്ടയം, ചങ്ങനാശ്ശേരി, 0103360730011221, എരുമേലി, 0104020730017367, ഗാന്ധിനഗർ, 0106240730008945, കുരിശുംമൂട്, 0117880700022169, പത്തനംതിട്ട, കോന്നി, 0104800700055719, മല്ലപ്പള്ളി, 0103850700055656, പുല്ലാട്, 0120500700015749,

മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപ്പറയുന്നവ പാലിക്കേതാണ്: – താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

അറക്കുളം ഗ്രാമപഞ്ചായത്ത്

മൂലമറ്റം പി.ഒ., ഇടുക്കി, പിൻ: 685589

Date: 25.06.2026

അറക്കുളം ഗ്രാമപഞ്ചായത്തിൽ 2026–2027 സാമ്പത്തിക വർഷം അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ഒൻപത് മരാമത്ത് പ്രവർത്തികൾക്ക് ഇടെണ്ടർ ക്ഷണിച്ചിരിക്കുന്നു. വിശദ വിവരങ്ങൾ tender.lsgkerala.gov.in, www.etenders.kerala.gov.in എന്നീ വെബ്സൈറ്റിൽ ലഭ്യമാണ്. വിൻഡോ നമ്പർ: G279313/2026.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

നമ്പർ : SC2/3/2026 തീയതി : 25.06.2026

ക്വട്ടേഷൻ പരസ്യം

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ പനച്ചേപ്പള്ളി, തമ്പലക്കാട്, ആനക്കല്ല് ഗവ. എൽ.പി.സ്കൂൾ കുട്ടികൾക്കായി പ്രഭാത ഭക്ഷണം നൽകുന്നതിന് ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്. അവസാന തീയതി 29.06.2026. വിവരങ്ങൾക്ക് tender.lsgkerala.gov.in, Window no. G279315/2026

ഒപ്പ്, സെക്രട്ടറി
കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

CHANGE OF NAME

I SHEMI MOHAMMED SHAJU HOLDER OF PASPORT NO. R3232052 DO HERE BY CHANGE NAME SHEMI S (SHEMI SAINABA BEEVI) AS PER MY AADHAR NUMBER 9516 3657 3040 FOR ALL PURPOSES. I ALSO UNDERTAKE TO EFFECT THE CHANGE IN ALL MY PUBLIC DOCUMENTS

നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള C5745985 നമ്പർ പാസ്പോർട്ട് തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപം ഉള്ളവർ 15 ദിവസത്തിനകം തിരുവനന്തപുരം പാസ്പോർട്ട് ഓഫീസിൽ രേഖാമൂലം അറിയിക്കുക.

റിനിത കുട്ടപ്പൻ, മേലേമഠത്ത് പറമ്പിൽ
കോഴഞ്ചേരി പി.ഒ
പത്തനംതിട്ട. പിൻ 689641

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK 58 DRAW RESULT 26/06/2026

ഒന്നാം സമ്മാനം ₹ 1 കോടി: RW 618248 (കൊല്ലം)

സമാശ്വാസ സമ്മാനം ₹ 5000: RN 618248 RO 618248 RP 618248 RR 618248 RS 618248 RT 618248 RU 618248 RV 618248 RX 618248 RY 618248 RZ 618248

രണ്ടാം സമ്മാനം ₹30 ലക്ഷം: RV 890583 (കട്ടപ്പന)

മൂന്നാം സമ്മാനം ₹5 ലക്ഷം: RV 374659 (ആലപ്പുഴ)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0268 0365 0522 0577 0854 1052 1220 1942 2676 3088 4754 5374 6004 7675 7779 7857 8335 9842 9998

അഞ്ചാം സമ്മാനം ₹2000: 0183 0808 5291 5675 9089 9410

ആറാം സമ്മാനം ₹1000: 0199 0623 0747 0753 1248 1303 1459 1726 2172 2295 2727 2943 3176 3314 3584 3643 4096 5242 5934 6232 6459 6541 7438 8239 9403

ഏഴാം സമ്മാനം ₹500: 0067 0116 0284 0446 0939 1096 1293 1341 1381 1655 1863 2227 2308 2558 2629 2636 2729 2752 2780 2854 3001 3246 3274 3446 3531 3641 3663 3811 3892 4078 4186 4218 4251 4376 4390 4869 4933 4980 5170 5466 5560 5752 5806 5925 5950 6115 6637 6638 6695 6708 6944 6956 6995 7058 7134 7179 7277 7298 7491 7578 7671 7781 7960 8019 8114 8795 8872 8885 8897 8908 8967 8989 9122 9193 9448 9754

എട്ടാം സമ്മാനം ₹200: 0170 0378 0567 0569 0670 0862 0973 1011 1045 1053 1246 1257 1562 1610 1705 1743 1866 2016 2022 2126 2133 2197 2277 2354 2375 2380 2463 2524 2601 2734 2787 2911 2967 3083 3654 3656 3699 3730 3812 3827 4087 4094 4135 4406 4407 4605 4646 4674 4770 4829 4912 4914 4952 5005 5006 5121 5343 5584 5834 5877 6094 6133 6342 6408 6621 6639 7082 7098 7152 7306 7518 7607 7921 7957 8125 8331 8341 8431 8480 8540 8594 8962 9021 9034 9042 9156 9249 9401 9800 9825 9886 9893

ഒൻപതാം സമ്മാനം ₹100: 0247 0439 0535 0651 0686 0704 0717 0846 0864 1041 1078 1331 1366 1407 1416 1458 1484 1502 1514 1535 1547 1939 2015 2085 2159 2162 2312 2347 2450 2486 2513 2525 2626 2767 2784 2814 3054 3075 3259 3318 3347 3380 3556 3684 3952 3968 4133 4194 4287 4392 4480 4497 4521 4553 4558 4713 4788 4801 4922 4931 5000 5042 5045 5051 5063 5073 5087 5124 5196 5206 5250 5355 5426 5493 5516 5658 5765 5773 5889 5926 6149 6194 6418 6533 6539 6579 6594 6673 6704 6718 6818 6883 6893 6987 7009 7060 7079 7100 7109 7130 7196 7255 7314 7705 7708 7726 7741 7754 7792 7794 7834 7856 7933 8077 8089 8127 8194 8497 8523 8581 8718 8818 8901 8955 8995 9007 9209 9363 9546 9599 9617 9625 9657 9662 9713 9742 9778 9815 9821 9854 9888 9900 9934 9973

www.statelottery.kerala.gov.in

CHANGE OF NAME

I, SALIN JOSE SHEEBA RANI JEYON, holder of Passport Number P6564103 do hereby change my name to JEYON. S and the expansion in JEYON. SALIN as per my Aadhar No. 7377 3715 1683 for all purposes.

CHANGE OF NAME

I, VASUMATHIAMMA ANCHANIL RAGHAVAN NAIR, HOLDER OF PASSPORT NO: P1196982, RESIDING AT THURUTHIPALLI MALAYIL, THURUTHICADU(P.O), KALLOOPPARA, PATHANAMTHITTA 689597, DO HEREBY CHANGE MY NAME TO VASUMATHIYAMMA AS PER MY ADHAR NO: 3631 12337943 FOR ALL PURPOSES.

CHANGE OF NAME

I, Reshma Pannimookkenmannil Reji (Passport No : C4837939) W/o Ratheesh Parayil Raveendran R/O Parayil House, Cherukulanji P.O, Pathanamthitta - 689673. Have changed My name to RESHMA PARAYIL REJI

CHANGE OF NAME

I THANMAYA A Daughter of No. 15735788A, Rank: NK, Name : ANANTHU R NAIR, Residing At : Vill/Post : Thamarakulam, Teh: Mavelikara, Dist : Alappuzha, State : Kerala, Pin: 690530 have changed my name from THANMAYA A to THANMAYA ANANTHU vide Affidavit dated 25 Jun 2026 before the Hema R Advocate & Notary Kayamkulam (Kerala)